**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6774** 11-07-2024 - ൽ മറുപടിയ്ക്ക്

**മലയോര ഹൈവേക്കായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കൊടകര-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മൂപ്ലിയം കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി-ചിമ്മിനി റോഡ്, ചക്കാലക്കടവ് പാലം, നെല്ലായിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം, നിർദ്ദിഷ്ട മലയോര ഹൈവേ എന്നിവയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളിൽ വലിയ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കൊടകര- വെള്ളിക്കുളങ്ങര റോഡ്**<br><br>ടി റോഡിന്റെ ഓവുങ്ങൽ ജംഗ്ഷൻ മുതൽ വെള്ളിക്കുളങ്ങര ജംഗ്ഷൻ വരെ (ചെയിനേജ് 7/60[illegible] മുതൽ 12/440 വരെ) 10 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായി 24.05 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി റിവൈസ് ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച കരാറുകാരനുമായി 24/08/2023-ന എഗ്രിമെന്റ് ഉറപ്പിക്കുകയും ടോപോഗ്രാഫിക് സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ പലഭാഗങ്ങളിലും കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി സംശയിക്കപ്പെടുന്നതിനാൽ കയ്യേറ്റങ്ങൾ പരിശോധിക്കുന്നതിനായി പുറമ്പോക്ക പുനർനിർണ്ണയ സർവേ പുരോഗമിച്ചു വരികയാണ് ആയത് പൂർത്തിയാക്കി പ്രസ്തുത റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.<br><br>**പുതുക്കാട് മൂപ്ലിയം കോടാലി റോഡ്**<br><br>അർത്ഥനാധികാരി അർത്ഥന ലഭ്യമാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഭൂമിയേറ്റെടുക്കൽ നടപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br>**പള്ളിക്കുന്ന് ചിമ്മിനി റോഡ്, ചക്കാലക്കടവ് പാലം നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം**<br><br>2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഭൂമിയേറ്റെടുക്കൽ കാലതാമസ കൂടാതെ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട മലയോര ഹൈവെ പദ്ധതികൾക്ക അധികമായി ആവശ്യം വരുന്ന ഭൂമി അതാര പദ്ധതി ഗുണഭോക്താക്കളിൽ നിന്നും ഫ്രീ സറണ്ടർ മുഖേനയാണ് ലഭ്യമാക്കേണ്ടത്. എന്നാൽ പല റീച്ചുകളിലും ഫ്രീ സറണ്ടർ മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് എതിർപ്പ് ഉണ്ടായതിനാൽ ടി പദ്ധതികളുടെ നടത്തിപ്പിന് കാലതാമസ നേരിടുന്നുണ്ട്. |
| (ബി) | ലാൻഡ് അക്വിസിഷൻ നടപടികൾ കാര്യക്ഷമവും ഊർജ്ജിതമാക്കുന്നതിനായി ആവശ്യമായ സർവ്വേയർമാർ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് സംഘത്തെ പ്രത്യേകമായി നിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമി ഏറ്റെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മലയോര ഹൈവേ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന വനഭൂമിക്ക് പകരം ഭൂമി കണ്ടെത്തി നൽകുന്നതിനായുള്ള (compensatory afforestation) നടപടികളുടെ ഭാഗമായി താഴെ പറയുന്ന സ്ഥലങ്ങൾ സർവ്വേ നടത്തി ഡിമാർക്കേഷൻ സ്കെച്ച് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>Chavakkad Taluk - Edakazhiyur Village - 6.3602 Ha<br><br>Chavakkad Taluk - Punnayur Village - 7.2932 Ha<br><br>ജില്ലയിൽ മലയോര ഹൈവേയുടെ നിർമാണത്തിനായി ഏറ്റെടുക്കുന്ന വനഭൂമിക്ക് പകരമായുള്ള compensatory afforestation-നു വേണ്ടി ഏറ്റെടുത്ത ഭൂമികളുടെ മ്യൂട്ടേഷൻ നടപ്പിലാക്കുന്നതിനായി 25/09/2023-ലെ B2-233/2023-Rev നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഇതുവരെയും ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടില്ലാത്തതിനാൽ, ഭൂരേഖകളിൽ മ്യൂട്ടേഷൻ വരുത്തേണ്ട നടപടികൾ നിലവിൽ സ്വീകരിക്കേണ്ടതായി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ